വിതരണം, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന സഹായം എന്നിവയും നൽകിവരുന്നുണ്ട്.

(ഇ) എസ്റ്റേറ്റുകളിൽ നിശ്ചയിച്ചിട്ടുള്ള വാടക ഇന്ന് വിപണിയിൽ നിലവിലുള്ള വാടക നിരക്കിനേക്കാൾ തുലോം കുറവാണ്. ആയതിനാൽ വാടക വർദ്ധന പിൻവലിക്കുവാൻ നിവൃത്തിയില്ല.

(എഫ്) വ്യവസായ എസ്റ്റേറ്റ്, മിനിവ്യവസായ എസ്റ്റേറ്റ് എന്നിവയിലെ വസ്തു, കെട്ടിടം എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഔട്ട്/ഹയർ പർച്ചേസ് പ്രകാരം വ്യവസായികൾക്ക് നൽകുന്നുണ്ട്.

(ജി)&(എച്ച്) താൽക്കാലിക വില മാത്രം നൽകി കെട്ടിടവും സ്ഥലവും വാങ്ങിയവർ പൂർണ്ണമായ വില അടയ്ക്കുകയും, ഭൂമിയുടെ പട്ടയം സിഡ്കോയ്ക്ക് ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് വ്യവസായികൾക്ക് പട്ടയം നൽകാൻ കഴിയും.

(ഐ) മാനേജ്മെന്റിലോ, പാർട്ട്ണർ ഷിപ്പിലോ വ്യത്യാസം വരുത്തുന്നതിന്, നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഇപ്പോൾത്തന്നെ വ്യവസായികൾക്ക് അനുവാദം നൽകിവരുന്നുണ്ട്.

(ജെ) സിഡ്കോയുടെ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന വ്യവസായയൂണിറ്റുകൾക്ക് പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളും

2 (3072) ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ മാസം വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന വ്യവസായ ഫാക്ടറികൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായ ഫാക്ടറികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത് എത്ര ജില്ലയിലെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കുറച്ച് വ്യവസായ ഫാക്ടറികൾ പ്രവർത്തിച്ചുവരുന്ന ജില്ല ഏതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1999 ഡിസംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചതായി കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ പൊതുമേഖലയിലെ വ്യവസായ യൂണിറ്റുകളിലും സ്വകാര്യമേഖലയിലെ വ്യവസായ യൂണിറ്റുകളിലും എത്രവീതം തൊഴിലാളികൾ ജോലിചെയ്യുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായ തൊഴിലാളികൾ ഉള്ള ജില്ല ഏതെന്ന് വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായ ഫാക്ടറികൾ രജിസ്റ്റർ ചെയ്യപ്പെടുകയും ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്ന ജില്ലയ്ക്ക് എന്തെങ്കിലും പ്രോത്സാഹനം നൽകാൻ ഉദ്ദേശമുണ്ടോ;

(ഐ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 1999 ഡിസംബർ വരെ 17,672 ഫാക്ടറികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ബി) എറണാകുളം ജില്ലയിൽ.

(സി) കാസർഗോഡ്, വയനാട് ജില്ലകൾ.

(ഡി)&(ഇ) രജിസ്റ്റർ ചെയ്ത ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. എങ്കിലും ഓരോ വർഷത്തേയും തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. അതിൽ മുൻവർഷത്തെ അപേക്ഷിച്ച് തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

(എഫ്) പൊതുമേഖലയിൽ 66,595 തൊഴിലാളികളും സ്വകാര്യമേഖലയിൽ 5,84,186 തൊഴിലാളികളും ജോലിചെയ്തുവരുന്നു.

(ജി) എറണാകുളം ജില്ല.

(എച്ച്) നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങൾ

3 (3073) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങൾ കെ. എസ്.ഐ.പി.ടി.സി. മുഖേന വിൽപ്പന നടത്തുന്നതിനാൽ വിൽപ്പന നികുതിയും സർചാർജ്ജു ഈടാക്കുന്നതുകാരണം കൂടുതൽ വില വാങ്ങുന്നതിനാൽ ഈ ഉൽപ്പന്നത്തിന്റെ വിൽപ്പന നേരിട്ട് നടത്താൻ നടപടികൾ കൈക്കൊള്ളുമോ;

(ബി) കെ.എസ്.ഐ.പി.ടി.സി. മുഖേന വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള വിലവർദ്ധനമൂലമാണ് ചൈനയിൽനിന്ന് പിഗ്മെന്റ് ഇറക്കുമതി നടത്തേണ്ടിവരുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നിലവിലുള്ള വിപണന സംവിധാനത്തിൽ മാറ്റംവരുത്തേണ്ടത് അനിവാര്യമാണെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly